(സി) 17 പേരെ, ശേഷിക്കുന്ന 23 പ്രതികളെ തിരിച്ചറിയുന്ന മുറയ്ക്ക് അറസ്റ്റ് ചെയ്ത് മേൽ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) അർച്ചനാ എഞ്ചിനീയറിംഗ് കോളേജിൽ സുശക്തമായ പോലീസ് കാവൽ ഏർപ്പെടുത്തിയിട്ടുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പോലീസിലെ ഉയർന്ന ഉദ്യോഗസ്ഥർക്ക് സിനിമ, സീരിയൽ എന്നിവയിൽ അഭിനയിക്കുന്നതിന് അനുവാദം നൽകുന്നതിനുള്ള മാനദണ്ഡം

40 (5950) <u>ശ്രീ. പി. കെ. അബ്ദുറബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസിലെ കുറ്റാന്വേഷണവിഭാഗം, ക്രമസമാധാനപാലന വിഭാഗം, വിജിലൻസ് എന്നിവയിലെ ഉയർന്ന ഉദ്യോഗസ്ഥർ സിനിമ, സീരിയൽ എന്നിവയിൽ പോലീസ് വേഷത്തിലും അല്ലാതെയും അഭിനയിക്കുന്ന കാര്യം സർക്കാരിനറിവുണ്ടോ; എങ്കിൽ, ഇവർക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ ;

(ബി) ഇപ്രകാരം സർക്കാർ അനുമതി നൽകപ്പെട്ടവരുടെ പേരുവിവരവും, റാങ്കും വെളിപ്പെടുത്തുമോ ;

(സി) ഇത്തരത്തിൽ അനുമതി നൽകുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ ;

(ഡി) സിനിമ, സീരിയൽ അഭിനയത്തിന് പ്രതിഫലം പറ്റുന്ന കാര്യം സർക്കാരിനറിവുണ്ടോ ;

(ഇ) ഡ്യൂട്ടിസമയത്തുതന്നെ ഷൂട്ടിംഗിൽ പങ്കെടുക്കുന്നതായും ഈ വഴിക്കുള്ള ബന്ധങ്ങൾ ഡ്യൂട്ടിയെ ബാധിക്കുന്നതായും പൊതുതാൽപ്പര്യം ഹനിക്കപ്പെടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യം സർക്കാർ അന്വേഷിച്ചിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) സർക്കാർ അനുമതിയോടുകൂടിയാണ് പോലീസ് ഉദ്യോഗസ്ഥർ സിനിമ, സീരിയൽ എന്നിവയിൽ അഭനിയിക്കുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താഴെപ്പറയുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് സിനിമ, സീരിയൽ എന്നിവയിൽ അഭിനയിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. ശ്രീ. പ്രേമദാസൻ പി. സി. 6575, പോലീസ് കൺട്രോൾ റൂം, കോഴിക്കോട് സിറ്റി.

2. ശ്രീ. ജഗദീശ് കുമാർ, പി. സി. ഇ. 5442, എസ്. ബി. സി. ഐ.ഡി., എറണാകുളം സിറ്റി.

3. ശ്രീ. വിവേകാനന്ദൻ, ബി. പി. സി. 2102 കെ. എ. പി. 2 ബറ്റാലിയൻ.

4. ശ്രീ. കെ. ആർ. മുകുന്ദനുണ്ണി, എച്ച്. സി. 3204, കൊങ്ങാട് പോലീസ് സ്റ്റേഷൻ, പാലക്കാട്.

5. ശ്രീ. വിനോദ് കുമാർ, ഹവി. മെക്കാനിക്ക് 5889, കോട്ടയം.

6. ശ്രീ. കെ. സതീശ് കുമാർ പി. സി. 3063, വഴിക്കടവ് പോലീസ് സ്റ്റേഷൻ, മലപ്പുറം.

7. ശ്രീ. കെ. എ. ഫൈസൽ, പി. സി. ആർ. 4123, സി.ബി.സി.ഐ.ഡി., തൃശൂർ.

8. ശ്രീ. പി. ജെ. ഫിലിപ്പ്, പി. സി. 3888, മഞ്ചേരി പോലീസ് സ്റ്റേഷൻ.

9. ശ്രീ. കെ. ജെ. ജോർജ്, ഡി. വി. ആർ. എച്ച്. സി. 447 എ. ആർ., വയനാട്.

10. ശ്രീ. വൈ. ആർ. റെസ്റ്റിൻ, സി. ഐ. ഓഫ് പോലീസ്.

11. ശ്രീ. ഷാജി, പി.സി.റ്റി. 2664 എ. ആർ. തിരുവനന്തപുരം സിറ്റി.

12. ശ്രീ. ഹബീബ് റഹ്മാൻ. പി, എ.പി.എസ്.ഐ., കാലിക്കറ്റ് എയർപോർട്ട് ഇമിഗ്രേഷൻ വിംഗ്.

13. ശ്രീ. സജിത്കുമാർ പി. സി. 6550, കോഴിക്കോട് സിറ്റി.

14. ശ്രീ. കെ. എസ്. ജയദാസ്, എസ്.ഐ. ഇമിഗ്രേഷൻ വിംഗ്, സി.ഐ.എ.എൽ., നെടുമ്പാശ്ശേരി.

15. ശ്രീ. പി. എ. ഉണ്ണികൃഷ്ണൻ, എസ്.ഐ., ഇമിഗ്രേഷൻ വിംഗ്, സി.ഐ.എ.എൽ., നെടുമ്പാശ്ശേരി.

16. ശ്രീ. ജോഷി മാത്യു, എസ്.ഐ., ഇമിഗ്രേഷൻ വിംഗ്, സി.ഐ.എ.എൽ., നെടുമ്പാശ്ശേരി.

17. ശ്രീ. വിജയൻ കെ.ബി., എച്ച്. സി. 788, ഇമിഗ്രേഷൻ വിംഗ്, സി.ഐ.എ.എൽ., നെടുമ്പാശ്ശേരി.

18. ശ്രീ. അനിൽ സെബാസ്റ്റ്യൻ, പി. സി. യു 3013 ഇമിഗ്രേഷൻ വിംഗ്, സി.ഐ.എ.എൽ., നെടുമ്പാശ്ശേരി.

19. ശ്രീ. ഷാഹുൽ ഹമീദ്, സി.ജി.എച്ച്.സി. 773, കൊണ്ടോട്ടി പോലീസ് സ്റ്റേഷൻ, മലപ്പുറം.

LIBRARY ARCHIVES Kerala Legislative Assembly

20. ശ്രീ. ആർ. മധുസൂദനൻ, സി.ഐ. ഓഫ് പോലീസ്.

21. ശ്രീ. മനോജ്കുമാർ വി. വി., എച്ച്. സി. 3391.

22. ശ്രീ. പ്രസാദ് കുമാർ, ഹവി. 7867.

(സി) Kerala Govt. Servants Conduct Rules para 48 പ്രകാരമാണ് സർക്കാർ അനുമതി നൽകുന്നത്.

(ഡി) സിനിമ, സീരിയൽ അഭിനയത്തിന് പ്രതിഫലം പറ്റുകയില്ല എന്ന് Declaration തരുന്നതിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ അനുമതി നൽകുന്നത്.

(ഇ) ഷൂട്ടിങ്ങിംഗിൽ പങ്കെടുക്കുന്ന സമയം ഡ്യൂട്ടിയെ ബാധിക്കില്ല, അഭിനയം പൊതുതാൽപ്പര്യം ഹനിക്കപ്പെടുകയില്ല, പ്രതിഫലം വാങ്ങുകയില്ല എന്നീ വ്യവസ്ഥകൾക്ക് വിധേയമായാണ് സർക്കാർ സിനിമ, സീരിയൽ അഭിനയത്തിന് അനുമതി നൽകുന്നത്.

2001-2006-ൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസിലെ പ്രതികളെ അറസ്റ്റ് ചെയ്തതിന്റെ വിശദാംശം

41 (5951) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2001-2006-ൽ കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഏതൊക്കെ കേസ്സുകളിലെ പ്രതികളെയാണ് ഈ സർക്കാരിന്റെ കാലത്ത് അറസ്റ്റ് ചെയ്തിട്ടുള്ളതെന്ന് ഓരോ കേസ്സിന്റെയും വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ ?

ഉത്തരം

വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

മൊബൈൽ ഫോൺ, സിം കാർഡ് സേവനദാതാക്കളുടെ ഏജൻസികൾ നടത്തുന്ന തട്ടിപ്പുകൾ

42 (5952) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൊബൈൽ ഫോൺ, സിംകാർഡ് സേവനദാതാക്കളുടെ ഏജൻസികൾ നടത്തുന്ന തട്ടിപ്പുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം ഏജൻസികളെ നിരീക്ഷിക്കുന്നതിനും അവയുടെ പ്രവർത്തനങ്ങൾ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ളതാണെന്നും ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly